## ''ഇൻറിക്ക കാറിൽ കറങ്ങി നടന്ന് മാല പിടിച്ചുപറിച്ച കേസ്സുകളിലെ പ്രതികൾ അറസ്റ്റിൽ''

25.07.2015-തീയതി രാവിലെ 01.30 മണിയ്ക്ക് വർക്കല റെയിൽവേ സ്റ്റേഷനു സമീപം വച്ച് മോഷണാവശ്യത്തിനുള്ള ഉപകരണങ്ങളുമായി സതീഷ് S/o മാധവൻ, മച്ചിനാട് റോഡരികത്തു വീട്, മലയിൻകീഴ്, സതീഷ് സ്രാവൻ @ ചന്തു @ സിമ്പളൻ (36) S/o സതീശൻ, എസ്.എസ്. നിവാസ്, വലിയവിളമുക്ക്, ചെമ്മരുതി എന്നിവരെ അറസ്റ്റ് ചെയ്ത് ചോദ്യം ചെയ്തതിൽ വച്ച് ടിയാൻമാർ കേരളത്തിൻെറ വിവിധ സ്ഥലങ്ങളിൽ ഇൻറിക്കാ കാറിൽ കറങ്ങി നടന്ന് മാല പിടിച്ചു പറിച്ച കേസ്സുകളിലെ പ്രതികളാണെന്ന് തിരിച്ചറിഞ്ഞു. ചങ്ങനാശ്ശേരി ഫയർ സ്റ്റേഷനു സമീപം മുറ്റം അടിച്ചു കൊണ്ടു നിന്ന ഒരു സ്ത്രീയുടെ 8 പവൻെറ മാല ചങ്ങനാശ്ശേരിയിൽ നിന്നു തന്നെ മറ്റൊരു സ്ത്രീയുടെ 2 പവൻെറ മാല തിരുവനന്തപുരം ഗാന്ധാരിയമ്മൻ കോവിലിന് സമീപം ഒരു സ്ത്രീയുടെ മാല, കോട്ടയ്ക്കകത്ത് വീടിൻെറ മുറ്റം അടിച്ചു കൊണ്ടു നിന്ന ഒരു സ്ത്രീയുടെ 3 പവൻെറ മാല, ചെന്തിട്ടയിൽ നടന്നു പോകുകയായിരുന്ന ഒരു സ്ത്രീയുടെ 2 പവൻെറ മാല എന്നിവ പിടിച്ചു പറിച്ചെടുത്ത കേസ്സുകളിലെ പ്രതിയാണ്. കൂടാതെ ശംഖുമുഖം, ഇടപഴിഞ്ഞി, വിഴിഞ്ഞം എന്നിവിടങ്ങളിൽ നിന്നും സ്ത്രീകളുടെ മാല പിടിച്ചു പറിച്ചതിലും ടിയാൻമാർ പ്രതികളാണ്. ഒന്നാം പ്രതി ചന്തു കല്ലമ്പലം കാർ മോഷണ കേസ്സിലേയും കുഞ്ഞുമോൻ കൊല കേസ്സിലേയും പ്രതിയുമാണ്. കൂടാതെ ടിയാന് ഇതിൻെറ പേരിൽ വാറണ്ട് നിലവിലുണ്ട്. രണ്ടാം പ്രതി തങ്കരാജ് ഇരട്ടകൊല കേസ്സിലെ പ്രതിയുമാണ്. ആയതിലേയ്ക്ക് എൽ.പി. വാറണ്ട് നിലവിലുണ്ട്. തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി ശ്രീ. ഷെഫിൻ അഹമ്മദ്.കെ. ഐ.പി.എസ്. ന് ലഭിച്ച രഹസ്യവിവരത്തിൻെറ അടിസ്ഥാനത്തിൽ ഡി.സി.ആർ.ബി. ഡി.വൈ.എസ്.പി. ശ്രീ. സുൽഫിക്കർ, ആറ്റിങ്ങൽ ഡി.വൈ.എസ്.പി. ശ്രീ. പ്രതാപൻ നായർ, തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിലുള്ള ഷാഡോ പോലീസുദ്യോഗസ്ഥരായ ശ്രീ. ദിലീപ്, ശ്രീ. ജയൻ, ശ്രീ. സുനിൽലാൽ, ശ്രീ. ബിജു എന്നിവർ ചേർന്നാണ് പ്രതികളെ അറസ്റ്റ് ചെയ്തത്.

ജില്ലാ പോലീസ് മേധാവി,
തിരുവനന്തപുരം റൂറൽ.
25.07.15